Madhyamam 11-09-18, P-10

# കാർഷിക മേഖല തകരുന്നു; പ്രളയം മറയാക്കി വൻ ഇറക്കുമതിക്ക് നീക്കം

## റബർ, ഏലം, കുരുമുളക്, തേയില ഇറക്കുമതിക്ക് കളമൊരുങ്ങുന്നു

**സി.എ.എം. കരീം**

**കോട്ടയം:** പ്രളയം സൃഷ്ടിച്ച ഉൽപാദനക്കുറവ് മറയാക്കി റബർ, ഏലം, കുരുമുളക്, തേയില വൻതോതിൽ ഇറക്കുമതി ചെയ്യാൻ കേന്ദ്രം കളമൊരുക്കുന്നു. ഒപ്പം റബർ കപ്പ് ലമ്പ് (ചിരട്ടപ്പാൽ) ഇറക്കുമതി നീക്കവും ശക്തമാണ്. ഏലം വില ഉയർന്നതും ഉൽപാദനക്കുറവും നാടൻ കുരുമുളക് ക്ഷാമവും ചൂണ്ടിക്കാട്ടിയാണ് ഇറക്കുമതി നീക്കം. 41,200 രൂപവരെ എത്തിയ കുരുമുളക് വില 40,000 രൂപയിലാണ്. തേയില ഉൽപാദനത്തിലും കുറവുണ്ട്. ഏലം 2250 രൂപയെന്ന റെക്കോഡിലെത്തിയതോടെ വിലയിടിക്കാൻ ഇറക്കുമതി ലോബി നീക്കം ആരംഭിച്ചിരുന്നു.

പ്രളയവും കാലാവസ്ഥ വ്യതിയാനവും കുരുമുളക്, ഏലം, തേയില കൃഷിയെ നശിപ്പിച്ചെന്നും ഉൽപാദനം വരും വർഷങ്ങളിൽ ഗണ്യമായി കുറയുമെന്നുമാണ് ഇപ്പോഴത്തെ പ്രചാരണം.

സ്വാഭാവിക റബർ ഉൽപാദന കുറവ് ടയറടക്കം റബർ അധിഷ്ഠിത വ്യവസായങ്ങളെ ബാധിക്കുമെന്ന തെറ്റായ പതിവ് റിപ്പോർട്ട് നൽകിയാണ് കേന്ദ്രത്തെ വളക്കുന്നത്. റബർ ഇറക്കുമതിക്ക് ടയർലോബിയുടെ സമ്മർദത്തിന് കേന്ദ്രം വഴങ്ങിയെന്നാണ് റിപ്പോർട്ട്. അതേ സമയം പ്രളയം ഉൽപാദനം കുറച്ചെങ്കിലും റബർ വില ഇടിയുകയാണ്. 135ൽനിന്ന് 127 രൂപയായി. ചിരട്ടപ്പാലും റബർ ഇറക്കുമതിയും ചെറുകിടകർഷകരെ തളർത്തും.

വിലയിടിവും വിളനാശവും മൂലം ലക്ഷക്കണക്കിനു കർഷകർ അർധപട്ടിണിയിലാണ്. ചിരട്ടപ്പാൽ ക്രമ്പ് റബറായാണ് കേരളത്തിൽ വിൽപന. ഇത് മറ്റ് ഉൽപന്നമാക്കാൻ നിരവധി ക്രമ്പ് ഫാക്ടറികളും ഉണ്ട്. നൂറുകണക്കിനു ഫാക്ടറികളുടെ പ്രവർത്തനത്തെയും ഇത് ദോഷകരമായി ബാധിക്കും.

തായ്‌ലൻഡ്, മലേഷ്യ, ഇന്തോനേഷ്യ എന്നിവിടങ്ങളിൽനിന്നുള്ള റബർ ഇറക്കുമതിയും തുടരുന്നുണ്ട്. അവിടെ ഷീറ്റ് റബർ ഉണ്ടാക്കുന്നില്ല. റബർപാൽ ചിരട്ടകളിൽ സൂക്ഷിച്ച് ആഴ്ചയിലൊരിക്കൽ പാൽകട്ടിയായിയെടുത്ത് സംസ്കരിക്കാതെ വിൽക്കുകയാണ്. വില കിലോക്ക് 50രൂപയിൽ താഴെയും. കേരളത്തിൽ 120-150രൂപവരെയും. ഇറക്കുമതിയിലൂടെ വില 50 രൂപയിൽ എത്തിക്കാനാണ് നീക്കം.

കർഷകരുടെ നട്ടെല്ലൊടിക്കുന്ന കപ്പ് ലമ്പ്, റബർ, ഏലം, കുരുമളക്, തേയില ഇറക്കുമതി അനുവദിക്കരുതെന്നാണ് കർഷകരുടെയും സംഘടനകളുടെയും ആവശ്യം. എന്നാൽ, സംസ്ഥാന സർക്കാറിന്റെ ഇടപെടലും ഉണ്ടാകുന്നില്ല.